(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു;

(സി) നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടെസ്റ്റ് നടത്തിയിട്ടുണ്ട്. 2002-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 13 പേർക്ക് നിയമനം നല്കിയിട്ടുണ്ട്.

(സി) രണ്ട് ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

എറണാകുളം ജില്ലയിലെ എൽ. ഡി. സി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

44 [3422] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) നിരവധി ഒഴിവുകൾ ഉണ്ടായിരുന്നിട്ടും അവ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള ഒഴിവുകൾ എത്രയും വേഗത്തിൽ റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചുവരുന്നു.

ലീവ് വേക്കൻസികളിലെ താൽക്കാലിക പ്രൊമോഷനുകൾ

45 [3423] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് താൽക്കാലിക പ്രമോഷൻ നൽകുന്നതിന് ഇപ്പോൾ നിരോധനമുണ്ടോ; എങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡി. പി. സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സർക്കാർ ജീവനക്കാർക്ക് ലീവ് വേക്കൻസികളിൽ താൽക്കാലിക പ്രമോഷൻ നൽകുന്നതിന് നിരോധമുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) എത്ര ദിവസംവരെയുള്ള ലീവ് വേക്കൻസികളിൽ താൽക്കാലിക പ്രമോഷൻ നൽകുവാൻ സർക്കാർ അനുവദിക്കുന്നുണ്ട്; ഇതിനുള്ള മാനദണ്ഡമെന്താണ്; കാറ്റഗറി വ്യത്യാസം ഇക്കാര്യത്തിൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ. എസ്. ആന്റ് എസ്. എസ്. ആർ. പാർട്ട് II-ലെ റൂൾ 31(a) അനുസരിച്ചുള്ള താൽക്കാലിക പ്രമേഷനുകൾക്ക് നിരോധനം നിലവിലുണ്ട്. എന്നാൽ സർവ്വീസിൽനിന്നും പിരിഞ്ഞുപോകുന്നതിന് ആറു മാസത്തിൽ കൂടുതൽ കാല ദൈർഘ്യം ഇല്ലാത്തവരുടെ കാര്യത്തിൽ ഈ നിരോധനത്തിൽ അയവുവരുത്തി താൽക്കാലിക പ്രമോഷൻ നൽകാനുള്ള നിർദ്ദേശം നിലവിലുണ്ട്. ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ബി & സി) സാധാരണഗതിയിൽ ചുരുങ്ങിയ കാലയളവിലെ ലീവ് വേക്കൻസികളിൽ പ്രമോഷൻ നൽകാറില്ല. എന്നാൽ ചില അടിയന്തിര സാഹചര്യങ്ങളിൽ ഭരണപരമായ അസൗകര്യങ്ങൾ ഒഴിവാക്കുന്നതിനായി ഡി. പി. സി. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് പ്രൊമോഷൻ നൽകാറുണ്ട്. ഡി. പി. സി. ലിസ്റ്റിൽ ഉൾപ്പടുത്തുന്നതിനുള്ള മാനദണ്ഡങ്ങളായ യോഗ്യതയും സീനിയോറിറ്റിയുമാണ് ഇക്കാര്യത്തിലും ബാധകം. ഇക്കാര്യത്തിൽ കാറ്റഗറി വ്യത്യാസമൊന്നും നിലവിലില്ല.

പോലീസ് ടെലികമ്മ്യൂണിക്കേഷൻ വകുപ്പിലെ ആശ്രിത നിയമനം

46 [3424] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ടെലികമ്മ്യൂണിക്കേഷൻ വകുപ്പിൽ മൂന്നാറിൽ എ. എസ്. ഐ. ആയി ജോലി നോക്കിവരവെ ക്യാൻസർ രോഗം ബാധിച്ച് മരണമടഞ്ഞ ടി. എ. തോമസ് എന്നയാളുടെ മൂത്ത മകൻ എബ്രഹാം തോമസിന് ആശ്രിത നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷ ഡിപ്പാർട്ടുമെന്റിന് ലഭിച്ചോ;

(ബി) കാഴ്ചക്കുറവ് ഉണ്ടെന്നുള്ള കാരണത്താൽ പോലീസ് കോൺസ്റ്റബിൾ ആയി ജോലി കിട്ടാൻ സാദ്ധ്യതയില്ലാത്തതിനാൽ ഇദ്ദേഹത്തിന് പോലീസിൽ ക്ലാർക്ക് ആയി ജോലി ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly